യു.ജി.സി. ലൈബ്രേറിയൻ തസ്തികകൾ

4 (1057) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ നിലവിൽ എത്ര യു.ജി.സി. ലൈബ്രേറിയൻ തസ്തികകൾ ഒഴിവുണ്ട് ;

(ബി) എക്സിക്യൂട്ടീവ് ഉത്തരവ് ഭേദഗതി ചെയ്ത് കോമൺപൂളിലെ യു.ജി.സി. (നെറ്റ്) യോഗ്യത നേടിയവരെ യു.ജി.സി. ലൈബ്രേറിയൻമാരായി നിയമനം നൽകുന്നതിന് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് നല്കിയ പ്രൊപ്പോസലിന്മേൽ (A3/2506/14 ഉന്നതവിദ്യാഭ്യാസം) സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ;

(സി) ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകളിൽ ഒഴിവുള്ള യു.ജി.സി. ലൈബ്രേറിയൻ തസ്തികകളിൽ നിയമനം നടത്തുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തി പ്രസ്തുത ഒഴിവുകൾ നികത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) അഞ്ച് തസ്തികകൾ.

(ബി&സി) പരിശോധിച്ചുവരുന്നു.

റൂസ പദ്ധതി നടപ്പാക്കൽ

5 (1058) ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. വർക്കല കഹാർ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉന്നതവിദ്യാഭ്യാസ ഗ്രണമേന്മ ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ (ആർ.യു.എസ്.എ.) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ;

(സി) പദ്ധതി നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണ് ; വിശദമാക്കുമോ ;

(ഡി) പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റൂസ പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു സമ്മതപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(ബി) 1. 18-നും 23-നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ ജനതയുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനം നിലവിലുള്ള 19.4%-ൽ നിന്നും 13-ാം പദ്ധതി കാലത്തിനകം 34% ആയി ഉയർത്തുക.

2. Access, Equity, Excellance എന്നിവ മുൻനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ പരീക്ഷാ പരിഷ്കാരം നടപ്പിലാക്കുക, നിലവിലുള്ള തെരെഞ്ഞെടുത്ത കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുക, പിന്നോക്ക വിഭാഗങ്ങൾ/വനിതകൾ/ ഭിന്നശേഷിയുള്ളവർ എന്നിവർക്ക് ഉന്നത വിദ്യാഭ്യാസരംഗത്ത് തുല്യത ഉറപ്പാക്കുക, ഗവേഷണങ്ങൾക്കും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക.

(സി) 65% കേന്ദ്ര വിഹിതവും 35% സംസ്ഥാന സർക്കാർ വിഹിതവും

(ഡി) ഹയർ എഡ്യൂക്കേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് ഡയറക്ടറേയും അദ്ദേഹത്തിനെ സഹായിക്കാനായി ഒരു സെല്ലും രൂപീകരിച്ചിട്ടുണ്ട്. 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ പ്രപ്പോസലുകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ റൂസ മിഷൻ ചില വിശദീകരണങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പതുക്കി സമർപ്പിച്ചിട്ടുണ്ട്. റൂസ പദ്ധതിയ്ക്ക് വേണ്ടി കേന്ദ്രവിഹിതം ഉൾപ്പെടെ 4 കോടി രൂപ 2014-15-ൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ റൂസ ഫണ്ട് നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

റൂസ് ഫണ്ട് വിനിയോഗത്തിനായി സമർപ്പിച്ച പദ്ധതി

6 (1059) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർവ്വകലാശാലകളുടെയും കോളേജുകളുടെയും വികസനത്തിനായുള്ള കേന്ദ്ര മിഷനായ രാഷ്ട്രീയ ഉച്ചതർ ശിക്ഷാ അഭിയാന് (റൂസ) കേരളം സമർപ്പിച്ച പദ്ധതി നിർദ്ദേശം കേന്ദ്രം മടക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കാമോ ;